പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7177 03.11.2011-ൽ മറുപടിയ്ക്ക്

എക്സ്റ്റൻഷൻ സെന്ററുകളുടെ ശാക്തീകരണം.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. വർക്കല കഹാർ | | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമവികസന വകുപ്പിനു കീഴിലുള്ള എക്സ്റ്റൻഷൻ സെന്ററുകളുടെ ശാക്തീകരണത്തിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളുടെ ശാക്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.<br><br>1. സംസ്ഥാന ബഡ്ജറ്റിൽപ്പെടുത്തി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി തുക വകയിരുത്തുകയും ആയത് വിനിയോഗിച്ചു വരികയും ചെയ്യുന്നുണ്ട്. നടപ്പ് വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് നടപ്പാക്കേണ്ട അടിസ്ഥാന സൗകര്യ വികസന പരിപാടികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>2. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം ഓരോ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾക്കും നൽകുന്ന 10 ലക്ഷം രൂപയുടെ റിക്കറിംഗ് ഗ്രാന്റ് കൃത്യമായി |

നേടിയെടുക്കുകയും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചു വരികയും ചെയ്യുന്നു.

3. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും പരിശീലന കേന്ദ്രത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നോൺ റിക്കറിംഗ് ഗ്രാന്റിനത്തിൽ സഹായം നേടുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിക്കുകയും സഹായം നേടിയെടുക്കുകയും ഇപ്രകാരം ലഭിക്കുന്ന തുക വിനിയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത സെന്ററുകളിലെ പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

(ബി) യും (സി) യും

പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ ഓരോ വർഷത്തേയും പരിശീലന കലണ്ടറുകൾ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരികയും ചെയ്യുന്നു. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളുടെ പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിനായി ഇവയെ എസ്.ഐ.ആർ.ഡി. യുടെ അക്കാദമിക് നിയന്ത്രണത്തിലാക്കിയിട്ടുണ്ട്. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിലെ ലക്ചറർമാർക്ക് എസ്.ഐ.ആർ.ഡി.യിലും എൻ.ഐ.ആർ.ഡി.യിലും പരിശീലനം നൽകുന്നുണ്ട്.

പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ടീച്ചിംഗിന് ആവശ്യമായ ആധുനിക ഉപകരണങ്ങളായ ലാപ്ടോപ്പ്, എൽ.സി.ഡി. പ്രോജക്ടർ, ഡിജിറ്റൽ ക്യാമറ, ജനറേറ്റർ എന്നിവ വാങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ